# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 205/2024 തിരുവനന്തപുരം, തീയതി: 09/09/2024

## പത്രക്കുറിപ്പ്

### കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് 2024-25 മാറ്റിവച്ചു

കേരളസർവകലാശാല സിൻഡിക്കേറ്റ് തീരുമാനപ്രകാരം 2024 സെപ്റ്റംബർ 27 ന് നടത്താൻ നിശ്ചയിച്ചിരുന്ന കോളേജ് യൂണിയൻ ഇലക്ഷൻ 2024 ഒക്ടോബർ 18 ലേക്ക് മാറ്റിയിരിക്കുന്നു.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024-2025
### സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു
### കോളേജ് പ്രവേശനം 2024 സെപ്റ്റംബർ 10, 11 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് സെപ്റ്റംബർ 10, 11 തീയതികളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുള്ള തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ (കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഒഴികെ) എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത കോളേജിൽ തുടരാൻ സാധിക്കുന്നതല്ല. സെപ്റ്റംബർ 11 ന് വൈകുന്നേരം 4 മണിക്ക് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്. നിലവിൽ കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനിൽ തൃപ്തരാണെങ്കിൽ സപ്ലിമെന്ററി അഡ്മിഷൻ എടുക്കേണ്ട ആവശ്യമില്ല. നിലവിൽ കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ അവർക്ക് ലഭിച്ച അഡ്മിഷനിൽ തൃപതരല്ലെങ്കിൽ സപ്ലിമെന്ററി അഡ്മിഷൻ എടുക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (Including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. Permanent Admission എടുക്കുന്നതിന് വിദ്യാർത്ഥി നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ്.

വിശദവിവരങ്ങൾ https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2024 ജനറൽ/എസ്.സി/എസ്.ടി/എസ്.ഇ.ബി.സി/ മറ്റ് സംവരണ വിഭാഗങ്ങൾക്കും സ്പോട്ട് അലോട്ട്മെന്റ്

## തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 13, 18 തീയതികളിലും, കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 19 നും, ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 20 നും

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.ടി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| തിരുവനന്തപുരം | സെപ്റ്റംബർ 13 | All MSc, M.Com courses | കേരളസർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | സെപ്റ്റംബർ 18 | All MA courses | |
| കൊല്ലം | സെപ്റ്റംബർ 19 | All courses | എസ്.എൻ കോളേജ്, കൊല്ലം. |
| ആലപ്പുഴ | സെപ്റ്റംബർ 20 | All courses | മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര. |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8.30 മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (മറ്റ് സർവകലാശാലകളിൽ നിന്നും ബിരുദം പാസ്സായവർ) ജാതിയും (Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates, EWS Certificate for EWS Candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പെക്ടസ് കാണുക) ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി/OEC വിഭാഗങ്ങൾക്ക് 200/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030/- രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക

സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. കോളേജ് പ്രവേശനം സെപ്റ്റംബർ 23, 24 തീയതികളിൽ. വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദ പ്രവേശനം 2024
## ഗവണ്മെന്റ്/ എയ്ഡഡ് /സ്വാശ്രയ/ യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒഴിവുള്ള ബിരുദ സീറ്റുകളിലേക്ക് കോളേജ് ലെവൽ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 11,12 തീയതികളിൽ അതാത് കോളജുകളിൽ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 11, 12 തീയതികളിൽ കോളേജ് തലത്തിൽ മെറിറ്റ് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ രാവിലെ 11 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേതാണ്. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഒന്നിലധികം കോളേജുകൾ താത്പര്യമുള്ള വിദ്യാർത്ഥികൾക്കും സാക്ഷ്യ പത്രം (**Authorization Letter**) നൽകി രക്ഷകർത്താവിനെ / പ്രതിനിധിയെ അയക്കാവുന്നതാണ്.

നിലവിൽ കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ ഈ സ്പോട്ട് അഡ്മിഷനിലേക്ക് പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കൈവശം എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ഉായിരിക്കേതാണ്.

ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930/ രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850/ രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേ താണ്. നാളിതുവരെ ബിരുദ പ്രവേശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്തവർക്കും ഈ അവസരം പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അഡ്മിഷൻ നേടാവുന്നതാണ്.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ് സൈറ്റിൽ (**https://admissions.keralauniversity.ac.in**) പ്രസിദ്ധീകരിക്കുന്നതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ.) യിൽ സി.എസ്.എസ്. സ്കീമിൽ 2024-2026 ബാച്ച് പ്രവേശനത്തിന് MBA General: SC – 1, ST – 1, MBA Shipping and Logistics: ST – 1, MBA Travel and Tourism: General – 1, SC – 6, ST – 2, OBH-1 എന്നീ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. CAT/CMAT/KMAT

സ്കോർ കാർഡ് ഇല്ലാത്തവർക്കും പങ്കെടുക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ 2024 സെപ്റ്റംബർ 12 ന് 10 മണിക്ക് കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസ്സിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്.

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം. ആലപ്പുഴ, പുനലൂർ, അടൂർ, വർക്കല, കൊല്ലം, ഐ.സി.എം പൂജപ്പുര) എം.ബി.എ. (ഫുൾ ടൈം) കോഴ്സുകളിലേക്കുള്ള 2024-25 വർഷത്തെ പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് 2024 സെപ്റ്റംബർ 12 ന് അതാത് യു.ഐ.എം. കേന്ദ്രങ്ങളിൽ രാവിലെ 10 മണി മുതൽ 1 മണി വരെ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. CMAT/KMAT/CAT തുടങ്ങിയ എൻട്രൻസ് പരീക്ഷകളിൽ യോഗ്യത നേടാത്തവർക്കും പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്) ഒഴിവുള്ള സീറ്റുകളിലേക്ക് KEAM 2024 യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് 2024 സെപ്റ്റംബർ 11, 12 തീയതികളിൽ രാവിലെ 10 മണി മുതൽ കോളേജ് ഓഫീസിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. ഫോൺ: 9995142426, 9388011160, 9447125125.

കേരളസർവകലാശാലയുടെ പഠന വകുപ്പുകളിൽ താഴെപ്പറയുന്ന പി.ജി./എം.ടെക്. പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 2024 സെപ്റ്റംബർ 11 (ബുധൻ) രാവിലെ 11 മണിക്ക് അതാത് പഠന വകുപ്പുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം നേടുവാൻ യോഗ്യതയുള്ള വിദ്യാർത്ഥികൾ മതിയായ രേഖകളുടെ അസ്സൽ സഹിതം പഠന വകുപ്പുകളിൽ കൃത്യസമയത്ത് ഹാജരാകേതാണ്.

1. M A Philosophy
2. M A Hindi Language and Literature
3. M A Music
4. MSc. Electronics (Optoelectronics)
5. M.Tech. Electronics and Communication
6. M A Tamil Language and Literature
7. M A Sanskrit Language and Literature
8. M A West Asian Studies
9. M A Linguistics
10. M A Russian Language and Literature
11. M A German Language and Literature
12. M.Tech. Technology Management
13. M.Tech. Computer Science

വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in/css2024/ സന്ദർശിക്കുക. ഫോൺ : 0471 2308328, ഇ–മെയിൽ : csspghelp2024@gmail.com

കേരളസർവകലാശാലയുടെ ആലപ്പുഴ സെന്ററിൽ നടത്തുന്ന എം.കോം. റൂറൽ മാനേജ്മെന്റ് പ്രോഗ്രാമിൽ General - 4, SEBC (Ezhava) - 2, SEBC (Muslim) - 1, Backward Hindu - 1, General (EWS) - 2, Scheduled Cast - 3, Scheduled Tribe – 1 എന്നീ സീറ്റുകളിൽ ഒഴിവുകളു്. പ്രസ്തുത സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2024 സെപ്റ്റംബർ 11 (ബുധൻ) രാവിലെ 11 മണിക്ക് യൂണിവേഴ്സിറ്റി ഓഫ് കേരള സ്റ്റഡി ആന്റ് റിസർച്ച് സെന്റർ

(UKSRC) ആലപ്പുഴ വച്ച് നടക്കുന്നു. പ്രവേശനം നേടുവാൻ യോഗ്യതയുള്ള വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ സഹിതം കൃത്യസമയത്ത് തന്നെ സെന്ററിൽ ഹാജരാകേതാണ്. വിശദവിവരങ്ങൾക്ക്: 9745693024, ഇ–മെയിൽ : kusrc.commerce@Keralauniversity.ac.in.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ (മേഴ്സിചാൻസ് – 2015 സ്കീം), 2024 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ (മേഴ്സിചാൻസ് – 2015 സ്കീം) എം.എഡ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല യൂണിയൻ 2023-2024 സെനറ്റ് & സ്റ്റുഡന്റ് കൗൺസിൽ ഇലക്ഷനോടനുബന്ധിച്ച് 2024 സെപ്റ്റംബർ 11 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്, എം.എ. ബിസിനസ് ഇക്കണോമിക്സ് എന്നിവയുടെ ഡിസെർട്ടേഷൻ/ കോംപ്രിഹെൻസീവ് വൈവ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി നൽകി

ശ്രീ.ഷിജോ വി.വർഗ്ഗീസ് (മലയാളം), ശ്രീമതി. ലിജി.ഡി. (ഇക്കണോമിക്സ്), ശ്രീ.ഹരീഷ് കുമാർ യു.ആർ. (മനേജ്മെന്റ് സ്റ്റഡീസ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകുന്നതിന് 2024 സെപ്റ്റം ബർ 09 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായി.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**